# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4609 — 22-03-2018ലെ മറുപടിക്ക്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എം.ഉമ്മർ** | **ഡോ.ടി.എം.തോമസ് ഐസക്**<br>ബഹു.ധനകാര്യവും കയറും വകുപ്പു മന്ത്രി |

## സഞ്ചിത നിധിയിലേക്ക് ഫണ്ട് സ്വരൂപിക്കുന്നതിനുള്ള നടപടിക്രമങ്ങൾ

| | | |
|---|---|---|
| (എ) | സംസ്ഥാന സർക്കാരിന്റെ സഞ്ചിത നിധിയിലേക്ക് ഫണ്ട് സ്വരൂപിക്കുന്നതിന് നിലവിലുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | നികുതി നികുതിയേതര വരുമാനം, കേന്ദ്ര സർക്കാരിൽ നിന്ന് ലഭ്യമാകുന്ന ഗ്രാന്റുകൾ, കേന്ദ്ര നികുതി വിഹിതം, വായ്പകൾ എന്നിവയിലൂടെയാണ് സംസ്ഥാന സർക്കാരിന്റെ സഞ്ചിതനിധിയിലേക്ക് ഫണ്ട് സ്വരൂപിക്കുന്നത്. ഇതിൽ നികുതി വരുമാനത്തിലെ പ്രധാന ഇനം GST ആണ്. കൂടാതെ സംസ്ഥാന നികുതി വരുമാനം ധന ബില്ലിൽ നിഷ്കർഷിക്കുന്ന നിരക്കുകൾക്ക് അനുസൃതമായി വിവിധ നികുതിയിനങ്ങളിൽ നിന്നുമാണ് സമാഹരിക്കുന്നത്. ഇതിനു പുറമേ ഫീസുകൾ-പിഴകൾ, വനവിഭവങ്ങളുടെ വില്പനയിൽ നിന്നുള്ള വരുമാനം, ലോട്ടറി വില്പനയിൽ നിന്നുള്ള വരുമാനം, പലിശയിനത്തിൽ നിന്നും പൊതുമേഖലാസ്ഥാപനങ്ങളിൽ നിന്നുമുള്ള ലാഭവിഹിതം എന്നിവയിലൂടെ നികുതിയേതര വരുമാനവും സമാഹരിക്കുന്നുണ്ട്. കേന്ദ്ര സർക്കാർ അംഗീകരിച്ചു നൽകുന്ന വായ്പാ പരിധിക്കുള്ളിൽ നിന്നാണ് വികസന പ്രവർത്തനങ്ങൾക്കായി പൊതുവിപണിയിൽ നിന്നും നബാർഡ്, എൻ.സി.ഡി.സി മുതലായ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പകൾ എടുക്കുന്നത്. കേന്ദ്ര ധനകാര്യ കമ്മീഷന്റെ ശിപാർശകളുടെ അടിസ്ഥാനത്തിലാണ് കേന്ദ്ര സർക്കാരിൽ നിന്ന് സംസ്ഥാന സർക്കാരിന് കേന്ദ്ര നികുതി വിഹിതവും ധനകാര്യ കമ്മീഷൻ ഗ്രാന്റും ലഭ്യമാകുന്നത്. |
| (ബി) | 14-12-2017-ലെ ജി.ഒ.(പി) 156/2017/ധന ഉത്തരവ് പ്രകാരം സഞ്ചിത നിധിയിലേക്ക് പണം മുതൽകൂട്ടിയത് ഏതൊക്കെ നടപടിക്രമങ്ങൾ പാലിച്ചിട്ടായിരുന്നു എന്നു വിശദമാക്കാമോ; | വിവിധ സർക്കാർ വകുപ്പുകളും സർക്കാർ അധീനതയിലുള്ള സ്ഥാപനങ്ങളും സംസ്ഥാനസഞ്ചിതനിധിയിൽ നിന്ന് പിൻവലിച്ച് സംസ്ഥാന ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ച് കാലങ്ങളായി നിഷ്ക്രിയമായി കിടന്ന |

| | | |
|---|---|---|
| | | തുകയുടെ ഒരു ഭാഗമായ 5630 കോടി രൂപ സർക്കാരിന്റെ സഞ്ചിതനിധിയിലേക്ക് മാറ്റുന്നതിനായാണ് 14-12-2017ലെ ജി.ഒ.(പി)156/17/ധന നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. മന്ത്രി സഭയുടെ തീരുമാനം അനുസരിച്ചാണ് ഉത്തരവ് പുറപ്പെടുവിച്ചത്. |
| (സി) | ജി.ഒ.(സാധാ) നം.1499/2018/ധന നമ്പർ ഉത്തരവ് പ്രകാരം പ്രസ്തുത തുക തിരികെ നൽകുന്നതിന് നിലവിലുള്ള മാർഗ്ഗങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; തുക തിരികെ നൽകുന്നതിന് നിയമസഭയുടെ അംഗീകാരം ആവശ്യമുണ്ടോ; വിശദമാക്കാമോ? | 26-02-2018-ലെ ജി.ഒ.(ആർ.റ്റി)1499/18/ധന പ്രകാരം KIIFB യിൽ നിന്നും തിരിച്ചു പിടിച്ച തുക തിരികെ നൽകുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്. 2018 ഫെബ്രുവരി 2ന് നിയമസഭയിൽ അവതരിപ്പിച്ച ഉപധനാഭ്യർത്ഥനയിൽ '2075-00-800-72-02 Refund of Amounts resumed from the idling STSB accounts' എന്ന ശീർഷകത്തിൽ വകയിരുത്തിയ 200 കോടി രൂപയിൽ നിന്നുമാണ് പ്രസ്തുത ഉത്തരവ് പ്രകാരമുള്ള തുക തിരികെ നൽകിയത്. സംസ്ഥാന ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ നിന്നും തിരിച്ചുപിടിച്ചിട്ടുള്ള തുകയിൽ നിന്നും അടിയന്തിരമായി ചെലവിടേണ്ടുന്ന ആവശ്യങ്ങൾക്കായി തുക തിരികെ നൽകുന്നതിന് വേണ്ടി 20-02-18-ലെ ജി.ഒ.(പി)24/18/ധന, 26-02-18-ലെ ജി.ഒ.(പി)27/18/ധന എന്നീ നമ്പറുകൾ പ്രകാരം ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. STSB അക്കൗണ്ടിൽ നിന്നും തിരിച്ചുപിടിച്ചിട്ടുള്ള തുകയിൽ നിന്നും അടിയന്തിരമായി ചെലവിടേണ്ടുന്ന ആവശ്യങ്ങൾക്കായി തുക തിരികെ നൽകുന്നതിന് 2018 ഫെബ്രുവരി 2ന് നിയമസഭയിൽ അവതരിപ്പിച്ച ഉപധനാഭ്യർത്ഥനയിൽ '2075-00-800-72-02 Refund of Amounts resumed from the idling STSB accounts', '5475-00-800-73 Refund of amounts resumed from the idling STSB accounts' എന്നീ ശീർഷകങ്ങളിലായി യഥാക്രമം 200 കോടി രൂപയും 100 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. എന്നാൽ ഓരോ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലും പാർക്കു ചെയ്തിട്ടുള്ള തുക പൂർണ്ണമായി തിരിച്ചുപിടിക്കുന്നതിന് തീരുമാനമെടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ